പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6463 — 03-04-2018 ലെ മറുപടി

## ജല മാനേജ്മെന്റ് സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.അബ്ദുറഹിമാൻ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വേനൽകാലത്ത് കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന കേരളത്തിൽ ധാരാളം ജലം പാഴാക്കുന്ന പ്രവണത നിലനിൽക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മികച്ച ജലമാനേജ്മെന്റ് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ജലസംരക്ഷണത്തിന്റെ പ്രാധാന്യം, പരിസ്ഥിതി സംരക്ഷണവും ജലലഭ്യതയും തമ്മിലുള്ള ബന്ധം, ജല ലഭ്യതയിൽ തണ്ണീർത്തടങ്ങൾക്കുള്ള പങ്ക്, ജല ഉപയോഗത്തിൽ പാലിക്കേണ്ട മിതത്വം, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള ഉപാധികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ലോകജലദിനം, ലോകപരിസ്ഥിതിദിനം, ലോകതണ്ണീർത്തടദിനം എന്നിവ ആചരിക്കാറുണ്ട്. ജലത്തിന്റെ ദുരുപയോഗം തടയുന്നതിനായി പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്രചാരണം നടത്തുന്നുണ്ട്. ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഭൂജല വകുപ്പ്, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ ഭൂജലഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചു വരുന്നു.<br>ജലസംരക്ഷണവും പരിപാലനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും, പ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും എന്നീ വിഷയങ്ങളെക്കുറിച്ച് ജലനിധി പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി ജലനിധിയുടെ ആഭിമുഖ്യത്തിൽ വിവിധ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് ചർച്ചകൾ ബോധവൽക്കരണ പരിപാടികൾ പരിശീലന പരിപാടികൾ |

| | | | |
|---|---|---|---|
| | | | റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ എന്നിവയും ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ, കുട്ടികളിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ രൂപീകരിച്ച ജലശ്രീക്ലബ്ബുകൾ മുഖേന വിവിധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട് റേഡിയോ, പത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെ വിവിധ ചർച്ചകളും കമ്മ്യൂണിറ്റി റേഡിയോ വഴി ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടിയും അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തി.<br>ഇതിനുപുറമെ ഹരിതകേരളം മിഷൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തുടങ്ങിയ ഏജൻസികൾ വിവിധ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടത്തിവരുന്നു. |
| (സി) | വാട്ടർ അതോറിറ്റി പദ്ധതികൾ തകരാറിലാകുന്നതു മൂലം ശുദ്ധജലം പാഴാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വേനൽകാലത്ത് കൂടുതൽ ജാഗ്രതയോടെ ഇത്തരം തകരാറുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുമോ; | (സി) | കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ലീക്കുകൾ ഉണ്ടാകാറുണ്ട്. സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി കേരള ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വേനൽക്കാലത്ത് ജലചോർച്ച തടയുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതിന്റെ ഭാഗമായി ബ്ലൂ ബ്രിഗേഡ് പോലുള്ള സംവിധാനത്തിലൂടെ അടിയന്തിര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ജലത്തിന്റെ മൂല്യവും മാനേജ്മെന്റും സംബന്ധിച്ച കൂടുതൽ പാഠഭാഗങ്ങൾ സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശാസ്ത്രം സാമൂഹ്യശാസ്ത്രം, ഭാഷ തുടങ്ങിയ വിഷയങ്ങളിലെ വിവിധ ക്ലാസ്സുകളിലെ പാഠഭാഗങ്ങളിൽ ജലം, മാനേജ്മെന്റ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**